**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 565** **28-01-2026-ൽ മറുപടിയ്ക്ക്**

**എളങ്കുന്നപ്പുഴ ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി 1.30 കോടി രൂപ ധനാനുമതി നൽകിയിട്ടുള്ളതും കരാർ വെച്ചിട്ടുള്ളതുമായ എളങ്കുന്നപ്പുഴ ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**മറുപടി:** കിഫ്ബി 1.30 കോടി രൂപ ധനാനുമതി നൽകി കില മുഖേന നടപ്പിലാക്കുന്ന ഗവ ഹൈസ്കൂൾ എളങ്കുന്നപ്പുഴ എന്ന പ്രവൃത്തി 24-09-2025 തീയതിയിൽ കരാർ ഒപ്പ് വച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി, എസ്റ്റിമേറ്റ് തുകയിൽ നിന്നും 9.73% കൂടിയ നിരക്കിൽ ആണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. ആയത്പ്രകാരം അധികമായി 13 ലക്ഷം രൂപ ആവശ്യമായി വന്നു. അധിക തുക MLA ഫണ്ടിൽ നിന്നും അനുവദിക്കണം എന്ന് കാണിച്ച് ബഹു MLAക്ക് 18-11-2025 തീയതിയിൽ പദ്ധതി നിർവ്വഹണ ഏജൻസി കത്ത് നല്കിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് അധികം വരുന്ന തുക ബഹു:MLA ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ കഴിയില്ലെന്ന് 03-12-2025 തീയതിയിൽ ബഹു. MLA അറിയിച്ചത് പ്രകാരം പ്രവൃത്തിയുടെ സ്കോപ്പ് കുറച്ച് ടോയ്ലറ്റ് ഒഴിവാക്കി. ഇതുമായി ബന്ധപ്പെട്ട് ടോയ്ലറ്റ് ഒഴിവാക്കി നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് സ്കൂൾ അധികൃതരിൽ നിന്നും കത്തും 15-12-2025 തീയതിയിലെ പി.റ്റി.എ മിനിട്ട്സും ലഭ്യമായിട്ടുണ്ട്. അപ്രകാരം പുതുക്കിയ ഡ്രോയിംഗ്സ് പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി വരുകയാണ്. ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

**(ബി)** പ്രസ്തുത നിർമ്മാണം കരാർ കാലാവധി പ്രകാരം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിംഗ്സ് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം എഗ്രിമെന്റ് പ്രകാരമുള്ള കാലാവധിൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**